## (71.) പൊന്നമ്പ് സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

വി.ഗീവർഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായ പൊന്നമ്പ് മലങ്കര കത്തോലിക്കാപ്പള്ളി പുനരൈക്യപ്രസ്ഥാനത്തിന്റെ ആത്മസത്തഉൾക്കൊണ്ടും ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കാലടികൾ പിൻതുടർന്നും വന്ദ്യ ശമുവേൽ ശങ്കരത്തിൽ അച്ചൻ അദ്ദേഹത്തിന്റെ കത്തോലിക്കാസഭയിലേക്കുള്ള പ്രവേശനത്തോടനുബന്ധിച്ച് കിഴക്കുപുറം പൊന്നമ്പ് പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 1953ൽ തുണ്ടിയത്ത് ഗീവർഗീസ് മത്തായി ആറ്റൂർ തോമസ് തുടങ്ങിയ സുപ്രധാന വ്യക്തികളുടെ സഹകരണത്തോടെ ഓർത്തഡോക്സ് സഭയിൽ നിന്ന് കത്തോലിക്കാസഭയിലേക്ക് ബഹുമാനപ്പെട്ട അച്ചന്റെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി വടക്കേമണ്ണിൽ ഗീവർഗീസ് മാമൂട്ടിൽ ഉണ്ണൂണ്ണി, ജോർജ്ജ്, കടമ്പാട്ട് ദാനിയേൽ ഈട്ടിമൂട്ടിൽ ശമുവേൽ തുടങ്ങി മുപ്പതോളം കുടുംബങ്ങളെ ചേർത്ത് ഒരു കൂട്ടയ്മ രൂ പീകരിച്ചു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ആശീർവാദത്തോടെ പള്ളിക്ക് സ്ഥലമില്ലാത്തതിനാൽ തുണ്ടിയത്ത് ഗീവർഗീസ് മത്തായിയുടെ സ്ഥലത്ത് ഒരു ചാപ്പൽ നിർമ്മിക്കുകയും ആയത് അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി കൂദാശ ചെയ്യുകയും ചെയ്തു. കൂട്ടായ്മയെ കത്തോലിക്കാസഭയിലേക്ക് ചേർത്തനിനുശേഷം ചാപ്പലിൽ ദിവ്യബലി അർപ്പിച്ചു കൊണ്ടാണ് പൊന്നമ്പ് ദേവാലയം പ്രവർത്തനം തുടങ്ങിയത്.

പിന്നീട് ശമുവേൽ ശങ്കരത്തിൽ അച്ചന്റേയും തുണ്ടിയത്ത് ഗീവർഗീസ് മത്തായിയുടേയും ശ്രമഫലമായി ഇന്നത്തെ ദേവാലയം ഇരിക്കുന്ന 65 സെന്റ് സ്ഥലം പൊന്നമ്പ് ഇടവകയ്ക്കുവേണ്ടി വാങ്ങുകയും അവിടെ പുതിയ ദേവാലയം 1956ൽ ഒക്ടോബർ 1-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി കൂദാശചെയ്തു. ശമുവേൽ ശങ്കരത്തിൽ അച്ചനെ വികാരിയായി നിയമിക്കുകയും ഏതാണ്ട് 30 വർഷക്കാലം ഇടവകയെ നയിക്കുകയും അച്ചന്റെ പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗമായി നിരവധി കുടുംബങ്ങൾ കത്തോലിക്കാസഭയിലേക്ക് ചേരുകയും ചെയ്തു. പിന്നീട് ഇടവകയുടെ കാലോചിതമായ മാറ്റങ്ങൾ പരിഗണിച്ച് ആദ്യ ദേവാലയം പരിപൂർണമായി മാറ്റി 1990 ജൂലൈ 2 ന് പുതിയ ദേവാലയം ഗ്രീഗോറിയോസ് പിതാവ് കൂദാശ ചെയ്തു. തുടർന്ന് ഇടവകയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയുടെ കാലമായിരുന്നു. ഇന്നത്തെ ദേവാലയത്തിന്റെ സുവർണ്ണജൂബിലി 2006 ഒക്ടോബർ അന്നത്തെ വികാരിയായിരുന്ന മാത്യു പുത്തൻപുരയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ ആഘോഷിച്ചു. സുവർണ്ണ ജൂബിലി സ്മരണയ്ക്കായി ജോഷ്വാമാർ ഇഗ്നാത്തിയോസ് പിതാവ് ശിലാസ്ഥാപനം നടത്തി ആശീർവദിച്ച വൈദികമന്ദിരത്തിന്റെയും കൂദാശ 2007ൽ സുവർണ്ണജൂബിലിസമാപന വർഷവും കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ തിരുമനസ്സുകൊണ്ട് ഇടവകയ്ക്കും നാടിനും സമർപ്പിച്ചു.

ഇടവകയുടെ ആത്മീയ വളർച്ചയുടെ ഭാഗമായി 2012ൽ പരിശുദ്ധ മാതാവിന്റെ ഗ്രോട്ടോയും ഭാരതത്തിന്റെ ആദ്യവിശുദ്ധ അൽഫോൻസാമ്മയുടെ സ്മരണയ്ക്കായി ഒരു പ്രാർത്ഥനാമണ്ഡപവും സ്ഥാപിക്കുന്നതിനായി അന്നത്തെ വികാരി ഫാ.സഖറിയാസ് പുഷ്പവിലാസം അച്ചന്റെ ശ്രമഫലമായി തുടക്കമിട്ടു. തുടർന്ന് 2013ൽ പരിശുദ്ധ ദൈവമാതാവിന്റെ ഗ്രോട്ടോയും അതോടുചേർന്ന് വിശുദ്ധ യൂദാതദേവൂസ് ശ്ലീഹായുടേയും വിശുദ്ധ അൽഫോൻസാമ്മയുടെയും നൊവേന നടത്തുന്നതിനുള്ള പ്രാർത്ഥനാമണ്ഡപവും അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ് കൂദാശ ചെയ്ത് ഇടവകയ്ക്കും ദേശത്തിനും സമർപ്പിച്ചു. തുടർന്ന് ഇടവകയുടെ ആത്മീയ വളർച്ചയുടെ ഭാഗമായി അന്നത്തെ വികാരി ഫാ. ബിനോയി പുതുപ്പറമ്പിലിന്റെ നേതൃത്വത്തിൽ ദേവാലയം പുതിയകാലത്തിന് അനുസരിച്ച് വീണ്ടും പുതുക്കി അതിമനോഹരമായ ദേവാലയമാക്കി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശചെയ്തു. അതോടൊപ്പം ഭാരതത്തിന്റെ ആദ്യവിശുദ്ധയായ അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് ഭരണങ്ങാനത്തുനിന്ന് ഭക്ത്യാദരവോടെ ഏറ്റുവാങ്ങി പൊന്നമ്പ് ഇടവകയ്ക്കും ദേശത്തിനുമായി ക്രിസോസ്റ്റം തിരുമേനി സമർപ്പിച്ചു. ഇന്ന് പരിശുദ്ധ ദൈവമാതാവിന്റെ ഗ്രോട്ടോയും വിശുദ്ധ അൽഫോൻസാമ്മയുടെ തിരുശേഷിപ്പും സഭയ്ക്കും നാടിനുമുഴുവനുമായി നിലകൊള്ളുന്നു. തൊഴിൽപരമായും നഗരവൽക്കരണത്തിന്റെ ഭാഗമായും അനവധി കുടുംബങ്ങൾ വിദേശത്തേക്കും മറ്റ് നഗരങ്ങളിലേക്കും കുടിയേറിപാർത്തതിനാൽ 48 കുടുംബങ്ങളാണ് ഇപ്പോൾ ഉള്ളത്.

ഇടവകയിൽ നിന്നുള്ള ദൈവവിളികൾ

1. ഫാ. ജോൺ തുണ്ടിയത്ത്
2. ഫാ. അലൻ ചെമ്പകമാംമൂട്ടിൽ
3. സി. ഷേർളി

ഇടവകയെ നയിച്ച വൈദികർ

1. ഫാ. ശമുവേൽ ശങ്കരത്തിൽ
2. ഫാ. ജോഷ്വാ പീടികയിൽ
3. ഫാ. തോമസ് പൊന്മേലിൽ
4. ഫാ. ജോൺ പ്ലാവിള
5. ഫാ. ജോസഫ് കുളക്കുടിയിൽ ഒ.ഐ.സി.
6. ഫാ. ബേസിൽ ഒ.ഐ.സി.
7. ഫാ. ഇഗ്നേഷ്യസ് ഒ.ഐ.സി.
8. ഫാ. ജോസഫ് കളവിള
9. ഫാ. ജോൺ ജി.വടക്കുപുറം
10. ഫാ. ആന്റണി വയലുംകരോട്ട്
11. ഫാ. ജോസ് കുരുവിള ഒ.ഐ.സി.
12. ഫാ. ജസ്റ്റിൻ കോന്നാത്തുവിള
13. ഫാ. മാത്യു പുത്തൻപുരയ്ക്കൽ
14. ഫാ. സഖറിയാസ് പുഷ്പവിലാസം
15. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ
16. ഫാ. വർഗീസ് ചാമക്കാലായിൽ
17. ഫാ. ജോർജ്ജ് ജേക്കബ് കിഴക്കേതിൽ
18. ഫാ. ഫീലിപ്പോസ് ചരിവുപുരയിടത്തിൽ
19. ഫാ. ബിനോയ പുതുപ്പറമ്പിൽ
20. ഫാ. സാന്റോ കാലായിൽ
21. ഫാ. റോബിൻ കലതിവിളയിൽ
22. ഫാ. യേശുദാസ് ഒ.ഐ.സി.